പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *215

19.6.2013 ലെ മറുപടിയ്ക്ക്

## ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി തോമസ്<br>ശ്രീ. സി.കെ. നാണു<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| എ) കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ബി) ആഗോള സാമ്പത്തിക മാന്ദ്യമല്ലാതെ മറ്റെന്തെങ്കിലും ഘടകങ്ങൾ ഈ കുറവിന് കാരണമായി കണ്ടെത്തിയിട്ടുണ്ടോ; | ബി) ബാധകമല്ല |
| സി) ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു പര്യാപ്തമായ നൂതന പദ്ധതികൾ ആവിഷ്കരിക്കപ്പെടാതെ പോകുന്നുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ? | സി) അന്താരാഷ്ട്ര വിനോദ സഞ്ചാരികളെ കേരളത്തിലേക്കാകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാര മേള, റോഡ് ഷോ, ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി നടത്തുന്ന ദേശീയ വ്യാപാര മേള, റോഡ് ഷോ, സംസ്ഥാന പ്രാദേശിക തലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം എന്നിവയിലൂടെ വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ, കൂടാതെ ഡ്രീം സീസൺ എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ നീണ്ടു നിൽക്കുന്ന പദ്ധതി, വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർ നെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു പര്യാപ്തമായ വിവിധ പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ